**കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, റീജിയണൽ ഓഫീസ് , കുമാരപുരം മെഡിക്കൽ കോളേജ് പോസ്റ്റ്, തിരുവനന്തപുരം 695011**

**വാഹന ക്വട്ടേഷൻ നോട്ടീസ്**

കില കിഫ്ബി സ്കൂൾ നിർമ്മാണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിലെ പ്രവൃത്തിസ്ഥലങ്ങൾ സന്ദർശിക്കുന്നതിനും & ചീഫ് മാനേജർ, PMU -ന്റെ ഒഫീഷ്യൽ ആവശ്യത്തിലേക്കായും വാടകയ്ക്ക് വാഹനം ഒരു വർഷ കാലയളവിലേക്ക് ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു 5 seats A/C Car (Dzire / Etios / ciaz/ honda city equivalent..) & ഒരു 7 seats A/C Car (Innova/ Ertiga/ Marazzo/ Enjoy/ equivalent..) എന്നിവയുടെ മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ വ്യക്തികൾ / അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

1. വാഹനം നല്ല നിലവാരത്തിലുള്ളതും ടാക്സി പെർമിറ്റ് ഉള്ളതുമായിരിക്കണം. വാഹനവുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടേയും അസ്സൽ പരിശോധനയ്ക്കായി നൽകേണ്ടതും രേഖകളുടെ പകർപ്പ് ക്വട്ടേഷന്റെ കൂടെ അടക്കം ചെയ്യേണ്ടതുമാണ്.
2. എഗ്രിമെന്റിനും മുൻപ് വാഹനം പരിശോധനയ്ക്കായി ആവശ്യപ്പെടുന്ന പക്ഷം വാഹനം ഹാജരാക്കേണ്ടതാണ്.
3. 2015 അല്ലെങ്കിൽ അതിന് ശേഷമുള്ള മോഡൽ ആയിരിക്കണം വാഹനം.
4. എല്ലാ ദിവസവും (24 x 7) ഓഫീസിൽ നിന്ന് ആവശ്യപ്പെടുന്ന സമയത്ത് വാഹനം ലഭ്യമാക്കേണ്ടതാണ്.
5. പ്രതിമാസം 2000 കി.മീറ്റർ ഓടുന്നതിന് ആവശ്യപ്പെടുന്ന ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷൻനിൽ കാണിക്കണം (including GST). കൂടുതൽ കി.മീറ്റർ ഓടുന്ന പക്ഷം അധിക കി.മീറ്ററിന് 18 രൂപ നിരക്കിൽ അനുവദിക്കുന്നതാണ്. ഇന്ധന ചെലവ്, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ മെയിന്റനൻസ് എന്നി എല്ലാവിധ ചെലവുകളും ഉൾപ്പെടുന്നതായിരിക്കണം ക്വട്ടേഷൻ നിരക്ക്.
6. കരാർ കാലാവധി ഒരു വർഷം ആയിരിക്കുന്നതാണ്.
7. വാഹനത്തിൽ ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ആയത് യാത്ര അവസാനിക്കുമ്പോൾ ഉദ്യോഗസ്ഥരെ കൊണ്ട് കി.മീറ്റർ പരിശോധിപ്പിച്ച് ഒപ്പ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.
8. എല്ലാ മാസ്സവും സമർപ്പിക്കുന്ന ബില്ല്, ലോഗ് ബുക്ക് എന്നിവ ഒത്തുനോക്കി നിയമപരമായ കിഴിവുകൾ കുറച്ച് തുക അക്കൗണ്ടിൽ ലഭ്യമാക്കുന്നതാണ്. ഏതൊരുവിധ അഡ്വാൻസും നൽകുന്നതല്ല.

9. വാഹനം ആവശ്യത്തിന് ലഭ്യമാക്കുന്ന സമയത്തേയും വിട്ടുതൽ ചെയ്യുന്ന സമയത്തേയും മീറ്റർ റീഡിംഗ് വച്ചാണ് കി.മീറ്റർ കണക്കാക്കുക.
10. ഏതെങ്കിലും കാരണവശാൽ യാത്രയ്ക്കിടെ വാഹനത്തിന്റെ തകരാറുമൂലം യാത്ര തടസ്സപ്പെടുകയാണെങ്കിൽ സ്വന്തം ഉത്തരവാദിത്വത്തിൽ പകരം സംവിധാനം ഉണ്ടാക്കേണ്ടതാണ്.
11. അംഗികരിച്ച ക്വട്ടേഷൻ സമർപ്പിച്ച വാഹന ഉടമ കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് ആയി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണ്.
12. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും, നിരസിക്കുന്നതിനുമുള്ള അധികാരം ചീഫ് മാനേജർ (ടെക്നിക്കൽ), കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ നിക്ഷിപ്തമാണ്.
13. ഏറ്റവും കുറഞ്ഞ നിരക്കുകളിൽ സമർപ്പിക്കുന്ന ക്വട്ടേഷൻ ചീഫ് മാനേജർ, കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ തീരുമാനത്തിന് വിധേയമായി അംഗീകരിക്കുന്നതാണ്. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ക്വട്ടേഷൻ ഫോം പ്രസ്തുത രേഖകളുടെ പകർപ്പ് സഹിതം സീൽ ചെയ്ത് 06.11.2024 ന് 3 മണി വരെ സ്വീകരിക്കുന്നതും ആയത് 07.11.2024 തീയതി 11 മണിക്ക് ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.
14. സീൽ ചെയ്ത് ക്വട്ടേഷൻ Chief Manager, KILA Project Management Unit, Regional Office, Kumarapuram, Medical College Post, Thiruvananthapuram 695011 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനെയോ 06.11.2024 ന് 3 മണിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.
15. മേൽ പറഞ്ഞ നിബന്ധനകൾ ഏതെങ്കിലും ലംഘിക്കുകയാണെങ്കിൽ പ്രസ്തുത ക്വട്ടേഷൻ പ്രകാരമുള്ള എഗ്രിമെന്റ് റദ്ദാക്കി നിയമ നടപടിക്ക് വിധേയമാകുന്നതാണ്.

അപേക്ഷകന്റെ പേര് & ഒപ്പ്

**കില പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്, റീജിയണൽ ഓഫീസ് , കുമാരപുരം മെഡിക്കൽ കോളേജ് പോസ്റ്റ്, തിരുവനന്തപുരം 695011**

**തിരുവനന്തപുരം റീജിയണൽ ഓഫീസിലേക്ക് വാഹനം നല്കുന്നതിനുള്ള അപേക്ഷ**

Name :

Address :

GST Number :

PAN Number :

**Vehicle Number (5 seat A/C Car):**

Vehicle Model and details :

Quoted rate for 2000 km/month :
(Including GST)

**Vehicle Number (7 seat A/C Car):**

Vehicle Model and details :

Quoted rate for 2000 km/month :
(Including GST)

സ്ഥലം :

തീയതി : അപേക്ഷകന്റെ പേര് & ഒപ്പ്

(Attached all the supporting documents)